<u>**15 -ാം കേരള നിയമസഭ**</u>

<u>**9 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 506**</u> <u>**09-08-2023 - ൽ മറുപടിയ്ക്ക്**</u>

<u>**സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും നൽകാനുള്ള വിവിധ ആനുകൂല്യങ്ങൾ**</u>

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ഡോ. എം. കെ. മുനീർ ,<br>ശ്രീ. എ. കെ. എം. അഷ്‌റഫ്** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും നൽകാനുള്ള വിവിധ ആനുകൂല്യങ്ങളുടെ കുടിശിക സർക്കാർ കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും നല്കാനുള്ള വിവിധ ആനുകൂല്യങ്ങളുടെ കുടിശ്ശിക കണക്കാക്കിയിട്ടില്ല. |
| (ബി) | സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധി വിവിധ ആനുകൂല്യങ്ങളുടെ വിതരണത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ; | (ബി) | നിലവിലെ സാമ്പത്തിക ബുദ്ധിമുട്ട് സർക്കാരിന്റെ വിവിധ പേയ്മെന്റുകളെ ബാധിച്ചിട്ടുണ്ട് എന്നുള്ളത് വസ്തുതയാണ്. എന്നിരുന്നാലും, ഈ സാമ്പത്തിക ഞെരുക്കത്തിനിടയിലും ജീവനക്കാർ, പെൻഷൻകാർ അടക്കമുള്ള വിവിധ ജനവിഭാഗങ്ങളുടെ ആനുകൂല്യങ്ങളിൽ മുടക്കം വരാതിരിക്കുവാനും പരമാവധി ആനുകൂല്യങ്ങൾ നൽകുന്നതിനുമുള്ള ശ്രമകരമായ നടപടികളാണ് സർക്കാർ സ്വീകരിച്ചുപോന്നിട്ടുള്ളത്. |
| (സി) | ഈ സാമ്പത്തിക വർഷം തന്നെ ഇവ വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | (സി) | സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും നല്കാനുള്ള പെൻഷൻ പരിഷ്കരണ കുടിശ്ശിക, ക്ഷാമാശ്വാസ കുടിശ്ശിക എന്നിവയുടെ മൂന്നും നാലും ഗഡുക്കൾ വിതരണം ചെയ്യുന്നത് 2023-24 സാമ്പത്തിക വർഷത്തെ സംസ്ഥാനത്തിന്റെ ധനസ്ഥിതിയുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് തീരുമാനമെടുക്കുന്നതാണെന്ന് 17/02/2023 ലെ സ.ഉ (അച്ചടി)നം.15/2023/ധന പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ജീവനക്കാർക്ക് നല്കേണ്ട ആനുകൂല്യങ്ങൾ അനുവദിക്കുന്ന കാര്യത്തിൽ സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതി കൂടി പരിഗണിച്ചു കൊണ്ട് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ